(ബി) ജി.ഒ.(എം.എസ്) 310/99/പൊ.വി.വ.പ്രകാരം ഇവരെക്കൂടി പരീക്ഷ എഴുതുവാൻ അനുവദിച്ചിട്ടുണ്ട്.

**56 (1270) യു.ഐ.ടി.യുടെ കോഴ്സുകൾ**

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ടെക്നോളജി (യു.ഐ.ടി.)യുടെ ബി.ബി.എ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ആന്റ് ബി.എസ്സ്.സി ഇലക്ട്രോണിക്സ് എന്നിവയ്ക്ക് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സുകൾ എന്നുമുതലാണ് ആരംഭിച്ചത്, ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ;

(സി) പ്രസ്തുത കോഴ്സുകൾ ഏതെല്ലാം ജില്ലകളിലാണ് ഉള്ളത്; അവ എവിടെയെല്ലാം;

(ഡി) അവ ഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 17.7.65 ലെ ജി.ഒ(എം.എസ്) നം.526/പി.ഡി പ്രകാരം കേരള സർവ്വകലാശാല നൽകുന്ന എല്ലാ ബിരുദങ്ങൾക്കും അംഗീകാരമുണ്ട്.

(ബി) 1995-ൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല

(സി) കേരള സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി, തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, അടൂർ എന്നീ സ്ഥലങ്ങളിലും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി മൂവാറ്റുപുഴ, പിറവം ഏറ്റുമാനൂർ, പാലാ, രാമപുരം, എരുമേലി പുതുപ്പള്ളി, കുട്ടിക്കാനം, രാജകുമാരി, പീരുമേട്, കോന്നി, മല്ലപ്പള്ളി എന്നീ സ്ഥലങ്ങളിലും ടി കോഴ്സുകൾ നടത്തുന്നുണ്ട്. കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഉണ്ട്.

**57 (1271) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ**

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പുതുതായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ്;

(സി) തിരുവനന്തപുരത്ത് പുതുതായി എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly